സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ


2023 ജൂൺ 21 ബുധൻ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## നിഖിലിന്റെ സർട്ടിഫിക്കറ്റ് വ്യാജം

### കേരള സർവകലാശാലക്ക് കലിംഗ ഔദ്യോഗികമായി മറുപടി നൽകി

തിരുവനന്തപുരം: മുൻ എസ്.എഫ്.ഐ നേതാവ് നിഖിൽ തോമസിന്റെ സർട്ടിഫിക്കറ്റ് വ്യാജമെന്ന് കലിംഗ സർവകലാശാല. കേരള സർവകലാശാലയ്ക്ക് നൽകിയ ഔദ്യോഗിക മറുപടിയിലാണ് സർട്ടിഫിക്കറ്റ് വ്യാജമെന്നുള്ളത്. ഇതോടെ, നിഖിലിന്റെ എം.കോം രജിസ്ട്രേഷൻ റദ്ദാക്കിയേക്കും. കേരള നൽകിയ തുല്യത സർട്ടിഫിക്കറ്റും റദ്ദാക്കും. കർശന നടപടി വേണമെന്ന് കേരള സർവകലാശാല രജിസ്ട്രാറോട് കലിംഗ സർവകലാശാല ആവശ്യപ്പെടുകയും ചെയ്തു. സംഭവത്തിൽ കേസെടുത്തതിന് പിന്നാലെ ഒളിവിൽ പോയ നിഖിലിനെ കണ്ടെത്താൻ പേ



ാലിസ് പ്രത്യേക സംഘത്തെ നിയോഗിച്ചു. കായംകുളം സി.ഐയുടെ നേതൃത്വത്തിലുള്ള സംഘമാണ് തെരച്ചിൽ നടത്തുന്നത്. നിഖിലിന്റെ ഫോൺ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്. തിങ്കളാഴ്ച തിരുവനന്തപുരത്താണ് നിഖിലിന്റെ ഫോണിന്റെ അവസാന ലൊക്കേഷൻ കണ്ടെത്തിയത്. ഒളിത്താവളം കണ്ടെത്താൽ വ്യാപക പരിശോധന നടക്കുകയാണ്. നിഖിലിന്റെ അടുത്ത സുഹൃത്തുക്കളെയും പോലിസ് ചോദ്യം ചെയ്യുകയാണ്. കായംകുളം സ്റ്റേഷനിലേക്ക് വിളിപ്പിച്ചാണ് ചോദ്യം ചെയ്യൽ. തിങ്കളാഴ്ച ആർഷോയെ കാണാൻ നിഖിലിനൊപ്പം തിരുവനന്തപുരത്തേക്ക് പോയ ഡി.വൈ.എഫ്.ഐ നേതാവിനെയും പോലിസ് ചോദ്യം ചെയ്തു. പുലർച്ചെ വീട്ടിലെത്തിയാണ് പോലിസ് ഇയാളെ കൊണ്ടുപോയത്. തിരുവനന്തപുരത്ത് എത്തിയ ശേഷമാണ് നിഖിൽ ഒളിവിൽ പോയത് എന്നാണ് പോലിസിന്റെ പ്രാഥമിക നിഗമനം.

## ഉഷ്ണതരംഗത്തിൽ വീർപ്പുമുട്ടി ഉത്തരേന്ത്യ; യു.പിയിലും ബിഹാറിലും നൂറിലധികം പേർ മരിച്ചു

രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ കനത്ത ചൂടിൽ വീർപ്പുമുട്ടുന്നു. കഠിനമായ ഉഷ്ണതരംഗത്തിൽ ബിഹാറിലും ഉത്തർപ്രദേശിലും ഇതുവരെ 100ലധികം പേരാണ് മരിച്ചത്. ഉത്തർപ്രദേശിലെ ബല്ലിയ ജില്ലയിലെ ഏക സർക്കാർ ആശുപത്രി നിറഞ്ഞു കവിഞ്ഞു. ആശുപത്രികളിൽ അടിസ്ഥാന സൗകര്യം ഇല്ലാത്തതും രോഗികളെ വലയ്ക്കുകയാണ്. അതേസമയം മരിച്ചവരെല്ലാം പ്രായമായവരാണെന്നും അവരിൽ ഭൂരിഭാഗത്തിനും മറ്റ് അസുഖങ്ങളുണ്ടായിരുന്നുവെന്നും ആരോഗ്യ ഉദ്യോഗസ്ഥർ പറഞ്ഞു.കൊടുംചൂടിൽ വൈദ്യുതി മുടങ്ങി



യതും കൂളറുകളോ എസിയോ ഫാനോ ഒരുക്കാത്തതും ആശുപത്രികളിലെ സ്ഥിതി ഗുരുതരമാക്കി. സ്റ്റോർ റൂമിൽ ഉപയോഗിക്കാതെ കിടന്നിരുന്ന എസികൾ സ്ഥാപിക്കാത്തതിന് ചൊവ്വാഴ്ച ജില്ലാ മജിസ്ട്രേറ്റ് രവീന്ദ്ര കുമാർ ആശുപത്രിയിലെ സ്റ്റോർ ഓഫീസർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. അത്യാഹിത വിഭാഗങ്ങളിലെ പരിശോധനയ്ക്കിടെ, കരാറുകാരനോട് ആശുപത്രിയുടെ ശുചിത്വം ഉറപ്പാക്കാൻ ജില്ലാ മജിസ്ട്രേറ്റ് ആവശ്യപ്പെടുകയും ചെയ്തിരുന്നു. മിക്ക മരണങ്ങളും ഉഷ്ണതരംഗ മൂലമാണെന്ന് പ്രസ്താവന വ്യാപകമായി പ്രചരിച്ചതിനെ തുടർന്ന് ജൂൺ 18ന്, ബല്ലിയയിലെ ചീഫ് മെഡിക്കൽ ഓഫീസർ ജയന്ത് കുമാറിനെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്തിരുന്നു. ഉഷ്ണതരംഗം മൂലമുള്ള മരണങ്ങളെക്കുറിച്ച് അശ്രദ്ധമായി പ്രസ്താവന നടത്തിയതിനാണ് അദ്ദേഹത്തെ നീക്കം ചെയ്തതെന്ന് യു.പി ആരോഗ്യമന്ത്രി ബ്രജേഷ് പതക് പറഞ്ഞു. വാരണാസി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഡൽഹി, ഘോരക്പുർ എയിംസ് തുടങ്ങിയ ആശുപത്രികളിൽ മറ്റ് അസുഖങ്ങൾക്ക് ചികിത്സ തേടിയിരുന്നവരും മരിച്ചവരിൽ ഉൾപ്പെടുന്നു. പ്രമേഹം, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ എന്നിവ ഉള്ളവരും പ്രായമായവരുമാണ് മരിച്ചവരിൽ അധികവും. കഠിനമായ ചൂട് കാരണം അവരുടെ അവസ്ഥ വഷളാവുകയായിരുന്നുവെന്ന് ജയന്ത് കുമാർ പറഞ്ഞു.

## ബിപോർജോയ്: രാജസ്ഥാനിൽ കനത്തമഴ; എട്ട് മരണം, 17,000ത്തിലേറെ പേരെ മാറ്റിപാർപ്പിച്ചു

ജയ്പൂർ: ഗുജറാത്തിന് ശേഷം രാജസ്ഥാനിലേക്ക് സഞ്ചരിച്ച ബിപോർജോയ് ചുഴലിക്കാറ്റ് കനത്ത നാശനഷ്ടങ്ങളാണ് ഉണ്ടാക്കിയത്. ചുഴലിക്കാറ്റിന്റെ ശക്തി കുറഞ്ഞെങ്കിലും ശക്തമായ മഴയാണ് രാജസ്ഥാനിലുള്ളത്. ശക്തമായ മഴയെ തുടർന്നുണ്ടായ അപകടങ്ങളിൽ ചുരുങ്ങിയത് എട്ടുപേരെങ്കിലും മരിച്ചതായാണ് വിവരം. 17,000ത്തിലേറെ പേരെ മാറ്റിപാർപ്പിച്ചതായി രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ്ലോട്ട് അറിയിച്ചു. മഴയ്ക്ക് ശമനമില്ലാത്തതിനാൽ പല ജില്ലകളിലും വെള്ളപ്പൊക്കത്തിന് സമാനമായ സാഹചര്യമാണ് നേരിടുന്നത്. മഴ ശക്തമായ ജലോർ, സിരോഹി, ബാർമർ മേഖലകളിൽ അശോക് ഗെഹ്ലോട്ട് വ്യോമനിരീക്ഷണം നടത്തി. ജനങ്ങളുടെ ജീവനും സ്വത്തിനുമുള്ള നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനായി രക്ഷാപ്രവർത്തനം വേഗത്തിലാക്കിയതായി അശോക് ഗെ



രാജസ്ഥാനിലെ സാഞ്ചോർ പ്രദേശത്ത് വെള്ളം കയറിയപ്പോൾ

ഹ്ലോട്ട് പറഞ്ഞു. അജ്മീർ, ഭിൽവാര, ധോൽപൂർ, ബാരൻ, ചിറ്റോർഗഡ്, ബുണ്ടി, സവായ് മധോപൂർ, കരൗലി എന്നിവിടങ്ങളിലും കനത്ത മഴയാണ് രേഖപ്പെടുത്തിയത്. ഗുജറാത്തിൽ ചുഴലിക്കാറ്റായി വീശിയടിച്ച ബിപോർജോയ് അതിതീവ്ര ന്യൂനമർദമായി ശക്തി കുറഞ്ഞാണ് രാജസ്ഥാനിലേക്ക് പ്രവേശിച്ചത്. ബുധനാഴ്ച മുതൽ സംസ്ഥാനത്തിന്റ വടക്ക് കിഴക്കൻ ഭാഗങ്ങളിൽ മഴയുടെ ശക്തി കുറയുമെന്നാണ് പ്രവചനം. വെള്ളക്കെട്ടിനെ തുടർന്ന് പലയിടങ്ങളിലും റെയിൽ ഗതാഗതം തടസ്സപ്പെട്ടു. രാജസ്ഥാനിൽ നിന്നുള്ള നിരവധി ട്രെയിനുകൾ റദ്ദാക്കുകയും ചെയ്തു. ധോൽപൂർ, അജ്മീർ എന്നിവടങ്ങളിൽ വെള്ളം കെട്ടികിടക്കുന്ന സാഹചര്യവും നേരിട്ടു.

തുടർച്ചയായി പെയ്യുന്ന മഴയിൽ സമീപ പ്രദേശങ്ങളിൽ വെള്ളം കയറിയതിനെ തുടർന്ന് അജ്മീറിലെ അന സാഗർ തടാകവും കരകവിഞ്ഞൊഴുകി. കനത്ത മഴയിൽ പല പ്രദേശങ്ങളും വെള്ളത്തിനടിയിലായതാണ് റിപ്പോർട്ടുകൾ. രണ്ടായിരത്തോളം പവർ ട്രാൻസ്ഫോർമറുകളും നിരവധി റോഡുകളും തകർന്നു. ട്രാൻസ്ഫോർമറുകളും പോസ്റ്റുകളും തകർന്നതോടെ വൈദ്യുതി വിതരണവും പ്രതിസന്ധിയിലായി. വീടുകൾ തകർന്നവർക്ക് നഷ്ടപരിഹാരം നൽകുമെന്ന് രാജസ്ഥാൻ സർക്കാർ അറിയിച്ചു.

## പുരാവസ്തു തട്ടിപ്പ് കേസ്: കെ.സുധാകരന് മുൻകൂർ ജാമ്യം അനുവദിച്ച് ഹൈക്കോടതി

കൊച്ചി: കെ.പി.സി.സി അധ്യക്ഷൻ കെ. സുധാകരന് പുരാവസ്തു തട്ടിപ്പ് കേസിൽ മുൻകൂർ ജാമ്യം. ഹൈക്കോടതിയാണ് ജാമ്യം അനുവദിച്ചത്. അന്വേഷണവുമായി സഹകരിക്കണമെന്നും സാക്ഷികളെ സ്വാധീനിക്കാൻ ശ്രമിക്കരുതെന്നും ഉത്തരവിൽ പറയുന്നു.

ഇടക്കാല ഉത്തരവ് പ്രഖ്യാപിച്ചത് ജസ്റ്റിസ് സിയാദ് റഹ്മാനാണ്. കേസിൽ മുൻകൂർ ജാമ്യം തേടി കെ.പിസിസി



അധ്യക്ഷൻ കെ. സുധാകരൻ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഹൈക്കോടതി നടപടി. കേസിൽ ചോദ്യം ചെയ്യലിന് വെള്ളിയാഴ്ച ഹാജരാകാനാണ് സുധാകരന് ക്രൈംബ്രാഞ്ച് നോട്ടീസ് നൽകിയിരിക്കുന്നത്. തുടർന്ന് അറസ്റ്റിലായാൽ 50,000 രൂപയുടെ ബോണ്ട് കെട്ടിവച്ച് ജാമ്യത്തിൽ വിട്ടയക്കണമെന്നും ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. പരാതിക്കാരുടെ ആദ്യപരാതിയിൽ തന്റെ പേര് ഇല്ലായിരുന്നുവെന്നും രാഷ്ട്രീയപ്രേരിതമായ കേസ് എന്നുമായിരുന്നു കെ.പി.സി.സി പ്രസിഡന്റിന്റെ വാദം.

## മുൻ മന്ത്രി എം.എ കുട്ടപ്പൻ അന്തരിച്ചു

കൊച്ചി: മുൻ മന്ത്രി എം.എ കുട്ടപ്പൻ അന്തരിച്ചു. 75 വയസ്സായിരുന്നു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ വെച്ചാണ് മരണം. ശ്വാസതടസം നേരിട്ടതിനെ തുടർന്നാണ് ആശുപത്രിയിൽ എത്തിച്ചത്. 2013ൽ പക്ഷാഘാതം വന്നതു മുതൽ ചികിത്സയിലായിരുന്നു. 2001ലെ ആന്റണി മന്ത്രിസഭയിൽ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയായിരുന്നു എം.എ



കുട്ടപ്പൻ മൃതദേഹം ഇന്ന് രാവിലെ 10 മുതൽ 12 മണി വരെ ഡി.സി.സി ഓഫീസിൽ പൊതുദർശനത്തിന് വെക്കും. പിന്നീട് കലൂരിലെ വീട്ടിലേക്ക് കൊണ്ടുവരും. വൈകുന്നേരം നാല് മണിക്ക് പച്ചാളം ശ്മശാനത്തിലാണ് സംസ്കാരം. വണ്ടൂരിൽ നിന്നും ചേലക്കരയിൽ നിന്നും ഓരോ തവണയും ഞാറക്കലിൽ നിന്ന് രണ്ട് തവണയും എം.എൽ.എ ആയിരുന്നു. കാലിക്കറ്റ് സർവകലാശാല സെനറ്റ് അംഗമായിരുന്നു.



## മണിപ്പൂരിൽ ഇന്റർനെറ്റ് സേവനങ്ങൾക്കുള്ള നിരോധനം നീട്ടി; സ്കൂളുകൾ തുറക്കുന്നത് ജൂലൈ ഒന്നുവരെ നീട്ടിവച്ചു

ഇംഫാൽ: മണിപ്പൂരിൽ ഇന്റർനെറ്റ് സേവനങ്ങൾക്കുള്ള നിരോധനം നീട്ടി. ഈ മാസം 25 വരെയാണ് എല്ലാ തരത്തിലുമുള്ള ഇന്റർനെറ്റ് സേവനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയത്. കലാപന്തരീക്ഷം തുടരുന്നതിനാൽ വ്യാജ വിവരങ്ങൾ പ്രചരിപ്പിക്കാനുള്ള സാധ്യത കണക്കിലെടുത്താണ് നിയന്ത്രണം നീട്ടിയതെന്ന് ആഭ്യന്തര വകുപ്പിന്റെ ഉത്തരവിൽ വ്യക്തമാക്കുന്നു. അവശ്യ സേവനങ്ങൾക്ക് നിയന്ത്രിതമായ രീതിയിലെങ്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കണമെന്ന് മണിപ്പൂർ ഹൈക്കോടതി ഉത്തരവിട്ടിരുന്നു. സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നത് ജൂലൈ ഒന്നുവരെ നീട്ടിവച്ചു. മണിപ്പൂർ വിഷയത്തിൽ പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകാനായി ഡൽഹിയിലെത്തിയ 10 പ്രതിപക്ഷ പാർട്ടി നേതാക്കൾ ഏഴാം ദിവസവും ഡൽഹിയിൽ തന്നെ തുടരുകയാണ്.

## ഒഡിഷ ട്രെയിൻ ദുരന്തം; സി.ബി.ഐ, ജൂനിയർ എൻജിനീയറുടെ വീട് സീൽ ചെയ്തു

ന്യൂഡൽഹി: ഒഡിഷയിലെ ട്രെയിൻ ദുരന്തത്തിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് സി.ബി.ഐ ബാലസോറിലെ സോറോ വിഭാഗം സിഗ്നൽ ജൂനിയർ എൻജിനീയറുടെ വീട് സീൽ ചെയ്തു. സിഗ്നൽ ജൂനിയർ എൻജിനീയർ അമീർ ഖാന്റെ സോറോയിലെ വാടക വീടാണ് ഉദ്യോഗസ്ഥർ സീൽ ചെയ്തത്. കഴിഞ്ഞ ദിവസം സി.ബി.ഐ സംഘം അമീർ ഖാന്റെ വീട്ടിലെത്തിയിരുന്നു. തുടർന്ന് വീട് പൂട്ടിക്കിടക്കുന്നതായി കണ്ടെത്തിയ സംഘം വീട് സീൽ ചെയ്യുകയായിരുന്നു. പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി അജ്ഞാത കേന്ദ്രത്തിൽ വച്ച് നേരത്തെ എൻജിനീയറെ ചോദ്യം ചെയ്തതായും റിപ്പോർട്ടുണ്ട്. ജൂൺ ആറിനാണ് ട്രെയിൻ അപകടത്തിന്റെ അന്വേഷണം സി.ബി.ഐ ഏറ്റെടുത്തത്. കേസിൽ സി.ബി.ഐ പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അപകടത്തിന് ശേഷം ഇലക്ട്രോണിക് ഇന്റർലോക്ക് സംവിധാനത്തിൽ കൃത്രിമം നടന്നതായി ആരോപണം ഉയർന്നതോടെയാണ് സി.ബി.ഐ അന്വേഷണം ഏറ്റെടുത്തത്. ബഹനാഗയിലെ ദുരന്തത്തിന് ശേഷം അമീറും കുടുംബവും വാടകവീട് വിട്ട് പോയതായാണ് വിവരം. ജൂൺ 16ന് ബാലസോർ സന്ദർശനത്തിന് ശേഷം, തിങ്കളാഴ്ച



തിരിച്ചെത്തിയ സി.ബി.ഐ സംഘം എൻജിനീയറുടെ വീട് സീൽ ചെയ്യുകയായിരുന്നു. സി.ബി.ഐ അന്വേഷണം ആരംഭിച്ചയുടൻ, ലോഗ് ബുക്കും, റിലേ പാനലും മറ്റ് ഉപകരണങ്ങളും പിടിച്ചെടുത്ത് സ്റ്റേഷനും സീൽ ചെയ്തിരുന്നു. റിലേ ഇന്റർലോക്ക് പാനലും സീൽ ചെയ്തു. സിഗ്നലിങ് സിസ്റ്റത്തിലേക്കുള്ള ജീവനക്കാരുടെ പ്രവേശനവും താൽക്കാലികമായി നിർത്തിവച്ചു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പാസഞ്ചറോ ഗുഡ്സ് ട്രെയിനുകളോ ബഹനാഗ ബസാർ സ്റ്റേഷനിൽ നിർത്തില്ല. ബാലസോർ ട്രെയിൻ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 292 ആയി. ഈ മാസം ആദ്യം ഉണ്ടായ അപകടത്തിൽ 287 പേർ സംഭവസ്ഥലത്ത് വച്ച് തന്നെ മരിച്ചിരുന്നു. മറ്റ് അഞ്ച് പേർ വിവിധ ആശുപത്രികളിൽ വച്ചും മരിച്ചു. 1,208 പേർക്ക് പരുക്കേറ്റിട്ടുണ്ട്.


# അന്തർവാഹിനിക്കായി കൂടുതൽ വിദഗ്ധർ രംഗത്ത്; അവശേഷിക്കുന്നത് ഒരു ദിവസത്തേക്കുള്ള ഓക്സിജൻ മാത്രം

ന്യൂയോർക്ക്: ടൈറ്റാനിക് കപ്പലിന്റെ അവശിഷ്ടങ്ങൾ കാണാൻ വിനോദസഞ്ചാരികളുമായി പോയ അന്തർവാഹിനിയുടെ തിരച്ചിലിനായി കൂടുതൽ ഗവേഷണ വിദഗ്ധർ രംഗത്ത്. കടലിന്റെ എത്ര ആഴത്തിലും തിരച്ചിൽ നടത്താൻ കഴിവുള്ള ബ്രിട്ടനിൽ നിന്നുള്ള വിദഗ്ധസംഘത്തെ എത്തിച്ചയായി ഓഷ്യൻഗേറ്റ് കമ്പനി അറിയിച്ചു. യു.എസ് കോസ്റ്റ് ഗാർഡാണ് തിരച്ചിലിന് നേതൃത്വം നൽകുന്നത്. കാനഡ, ഫ്രാൻസ് തിരച്ചിൽ സംഘങ്ങളും സഹായവുമായി കൂടെയുണ്ട്. ഇന്നലെ വൈകിട്ടോടെ ഡീപ് എനർജി എന്ന മറ്റൊരു കപ്പൽക്കൂടി അറ്റ്ലാന്റിക്കിൽ തെരച്ചിൽ നടത്തുന്നുണ്ട്. അമേരിക്കൻ കോസ്റ്റ് ഗാർഡിന്റെ രണ്ട് വിമാനങ്ങളും നിരീക്ഷണ പറക്കൽ നടത്തുന്നുണ്ട്.അന്തർവാഹിനിയിൽ അവശേഷിക്കുന്നത് 30 മണിക്കൂറിൽ താഴെയുള്ള ഓക്സിജൻ മാത്രമണ്. അതിനാൽ എത്രയും പെട്ടെന്ന് അന്തർവാഹിനി കണ്ടെത്താനുള്ള നീക്കത്തിലാണ് തിരച്ചിൽ സംഘം. ഇതുവരെ ഏകദേശം 26000 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് തിരച്ചിൽ നടത്തി. ടൈറ്റാനിക് പര്യവേഷണ കമ്പനിയായ ഓഷ്യൻഗേറ്റിന്റെ അഞ്ച് സഞ്ചാരികളുമായി പോയ അന്തർവാഹിനിയാണ് കാണാതായത്. പാകിസ്താൻ വ്യവസായിയും മകനും, ബ്രിട്ടീഷ് വ്യവസായിയും അന്തർ വാഹിനി കമ്പനിയുടെ സി.ഇ.ഒയും ഫ്രഞ്ച് യാത്രികനുമാണ് സംഘത്തിലുള്ളത്. കപ്പൽ വെള്ളത്തിൽ മുങ്ങി ഏകദേശം ഒരു മണിക്കൂർ 45 മിനിറ്റിന് ശേഷം അന്തർവാഹിനിയുമായുള്ള സഹ കപ്പൽ ഐസ് ബ്രേക്കറിന്റെ ബന്ധം നഷ്ടപ്പെടുകയായിരുന്നു.കാനഡയിൽ നിന്നും യാത്ര തിരിച്ച കപ്പലാണ് കാണാതായത്. അന്തർവാഹിനി കാണാതായ വിവരം ആദ്യം റിപ്പോർട്ട് ചെയ്യുന്നത് ബി.ബി.സിയാണ്. യാത്രയുടെ സംഘാടകർ യു.എസ് കമ്പനിയായ ഓഷ്യൻഗേറ്റ് എക്സ്പഡീഷൻസാണ്. വളരെ സാഹസികമായ, സമുദ്രാന്തർഭാഗമടക്കം സന്ദർശിച്ചു കൊണ്ടുള്ള അനേകം യാത്രകളും പരിപാടികളും സാധാരണയായി ഓഷ്യൻഗേറ്റ് സംഘടിപ്പിക്കാറുണ്ട്. അതിനിടെ അന്തർവാഹിനിക്ക് നേരത്തെ സുരക്ഷാ മുന്നറിയിപ്പ് ലഭിച്ചിരുന്നുവെന്ന വിവരങ്ങളും പുറത്ത് വന്നു. 2018ൽ സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ടൈറ്റാനിക് പര്യവേഷണ കമ്പനിയായ ഓഷ്യൻഗേറ്റിന് യു.എസ് കോടതി മുന്നറിയിപ്പ് നൽകിയിരുന്നതായാണ് വിവരം. ഓഷ്യൻഗേറ്റിൽ ജോലി ചെയ്തിരുന്ന അന്തർവാഹിനി വിദഗ്ധൻ ഡേവിഡ് ലോഡ്രിജാണ് ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തിയത്. അന്തർവാഹിനി സ്റ്റാൻഡേർഡ് സർട്ടിഫിക്കേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന ആശങ്കയും അദ്ദേഹം പങ്കുവച്ചു. അന്തർവാഹിനിയിൽ കർശനമായ പരിശോധനയില്ലാത്തത് കാർബൺഹാളിലെ പിഴവ് കണ്ടെത്താതെ പോകുമെന്ന ആശങ്ക ലോഡ്രിജ് നേരത്തെ അറിയിച്ചിരുന്നു. അന്തർവാഹിനിയുടെ വെസലുകൾ പുറത്തുനിന്നൊരു ഏജൻസി പരിശോധിക്കേണ്ട ആവശ്യകതയും കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കടലിൽ 1,300 അടി ആഴത്തിൽ മാത്രമേ സഞ്ചരിക്കാകൂവെന്നാണ് കോടതിരേഖകൾ പ്രകാരം അന്തർവാഹിനി നിർമ്മാതാക്കൾ സാക്ഷ്യപ്പെടുത്തിയത്. എന്നാൽ സമുദ്രോപരിതലത്തിൽ നിന്നും ഏകദേശം 3,800 മീറ്റർ (12,500 അടി) താഴെയാണ് ടൈറ്റാനിക്ക് കപ്പലിന്റെ അവശിഷ്ടങ്ങളുള്ളത്. അന്തർവാഹിനി കണ്ടെത്താനുള്ള തിരച്ചിൽ കൂടുതൽ ഊർജിതമായി മുന്നോട്ട് പോവുകയാണ്. യു.എസ് പ്രസിഡന്റ് ജോ ബൈഡൻ കാണാതായ മുങ്ങിക്കപ്പലുമായി ബന്ധപ്പെട്ട സംഭവങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്ന് വൈറ്റ് ഹൗസ് വക്താവ് ജോൺ കിർബി അറിയിച്ചു.





## ചെറായി ശീതൾ കൊലക്കേസ്: പ്രതി പ്രശാന്തിന് ജീവപര്യന്തം തടവുശിക്ഷ

കൊച്ചി: ചെറായി ബീച്ചിൽ വച്ച് യുവതിയെ കുത്തിക്കൊലപ്പെടുത്തിയ കേസിൽ പ്രതിക്ക് ജീവപര്യന്തം തടവുശിക്ഷ വിധിച്ചു. വടക്കൻ പറവൂർ അഡീഷണൽ ജില്ലാ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. 2017 ആഗസ്റ്റ് 11ന് ചെറായി ബീച്ചിൽ വച്ചാണ് സംഭവം. വരാപ്പുഴ സ്വദേശി ശീതളിനെ പത്തിലേറെ തവണയാണ് പ്രശാന്ത് കുത്തിയത്. വിവാഹ ബന്ധം വേർപെടുത്തി നിൽക്കുകയായിരുന്ന ശീതൾ കോട്ടയം നെടുംകുന്നം സ്വദേശി പ്രശാന്തുമായി അടുപ്പത്തിലായിരുന്നു. ശീതൾ ബന്ധത്തിൽ നിന്ന് പിൻമാറുന്നുവെന്ന സംശയത്തെ തുടർന്നായിരുന്നു കൊലപാതകം. ബീച്ചിൽ വച്ച് വാക്കുതർക്കമുണ്ടാകുകയും പ്രശാന്ത് കത്തി ഉപയോഗിച്ച് ശീതളിനെ കുത്തുകയുമായിരുന്നു. കുത്തേറ്റ് ഓടിയ ശീതൾ ഒരു റിസോർട്ടിലേക്ക് ഓടിക്കയറുകയായിരുന്നു. റിസോർട്ട് ജീവനക്കാർ ശീതളിനെ പറവൂർ ആശുപത്രിയിലും പിന്നീട് എറണാകുളത്തെ ആശുപത്രിയിലും എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.


പ്രശാന്ത്, ശീതൾ

## വ്യാജരേഖ കേസ്: ജാമ്യ ഹർജിയിൽ അപേക്ഷയുമായി കെ. വിദ്യ

നീലേശ്വരം: താൻ അവിവാഹിതയാണെന്നും ആ പരിഗണ നൽകണണമെന്നും ജാമ്യ ഹർജിയിൽ അപേക്ഷയുമായി മുൻ എസ്.എഫ്.ഐ നേതാവ് കെ.വിദ്യ. വ്യാജ രേഖ കേസിൽ നീലേശ്വരം പോലിസ് രജിസ്റ്റർ ചെയ്ത കേസിലാണ് മുൻകൂർ ജാമ്യാപേക്ഷയുമായി കാസർകോട് ജില്ലാ സെഷൻസ് കോടതിയിൽ കെ.വിദ്യ ജാമ്യാപേക്ഷ സമർപ്പിച്ചത്. ജാമ്യ ഹർജി ഈ മാസം 24ന് കോടതി പരിഗണിക്കും. അതേസമയം, അട്ടപ്പാടി കോളേജിൽ വ്യാജ രേഖ ചമച്ചെന്ന കേസിൽ പ്രതിയായ കെ.വിദ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് ഹൈക്കോടതി അടുത്ത യാഴ്ചയിലേക്ക് മാറ്റി. ജസ്റ്റിസ് ബച്ചു കുര്യൻ തോമസിന്റെ ബെഞ്ചിലാണ് ഹർജി. രാഷ്ട്രീയ നേട്ടത്തിന് വേണ്ടി കെട്ടിച്ചമച്ച കേസെന്നാണ് ഹൈക്കോടതിയിൽ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ വിദ്യയുടെ വാദം. ജാമ്യമില്ലാ വകുപ്പ് ചുമത്തിയത് നിലനിൽക്കില്ലെന്നും കേസ് അന്വേഷണവുമായി സഹകരിക്കാൻ തയ്യാറാണെന്നും വിദ്യ കോടതിയെ അറിയിച്ചിരുന്നു. ജൂൺ ആറിനാണ് വിദ്യക്കെതിരെ കേസെടുത്തത്. പതിനഞ്ച് ദിവസമായി വിദ്യ ഒളിവിലാണ്.




മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി കലക്ടറുടെ ചേമ്പറിൽ ചേർന്ന ആർ.ആർ.ടി കോ-ഓർഡിനേഷൻ യോഗത്തിൽ നിന്ന്

## നിങ്ങൾ എല്ലായ്പ്പോഴും ക്ഷീണിതനാണോ? കാരണം ഇതായേക്കാം

രാത്രിയിൽ വേണ്ടത്ര ഉറക്കം ലഭിക്കാത്തതിനാലും പതിവില്ലാത്ത വിധം ശാരീരിക അധ്വാനം വേണ്ടി വരുമ്പോഴുമെല്ലാം ക്ഷീണം അനുഭവപ്പെടുന്നത് സാധാരണയാണ്. എന്നാൽ രണ്ടോ അതിലധികമോ ദിവസം നീണ്ടുനിൽക്കുന്ന ക്ഷീണത്തിനും തളർച്ചയ്ക്കും പിന്നിൽ മറ്റ് കാരണങ്ങളുണ്ടാകാം, അതിനാൽ ഇത് നിസ്സാരമായി കാണരുത്, പ്രത്യേകിച്ചും മധ്യവയസ്സ് കഴിഞ്ഞവർക്ക്. ക്ഷീണവുമായി ബന്ധപ്പെട്ട ചില ആരോഗ്യപ്രശ്നങ്ങൾ ഇതാ.



### വിളർച്ച

അനീമിയ ഉണ്ടെങ്കിൽ ഇത് ക്ഷീണത്തിനും ഉന്മേഷക്കുറവിനും കാരണമാകും. ശരീരത്തിൽ ആവശ്യത്തിന് ചുവന്ന രക്താണുക്കൾ ഇല്ലാതെ വരുമ്പോഴാണ് അനീമിയ വരുന്നത്. ഇത് പല കാരണങ്ങളാൽ ഉണ്ടാകാം. ശരീരത്തിൽ ഇരുമ്പ് അല്ലെങ്കിൽ വിറ്റാമിൻ ബി 12 ന്റെ കുറവ് വരുമ്പോഴാണ് സാധാരണയായി വിളർച്ച വരുന്നത്. രക്തപരിശോധനയിലൂടെ ശരീരത്തിലെ ചുവന്ന രക്താണുക്കളുടെ അളവ് അറിയാനും മറ്റ് അവശ്യ പോഷകങ്ങളുടെ അളവ് മനസ്സിലാക്കാനും സാധിക്കും. ഭക്ഷണത്തിലൂടെയോ സപ്ലിമെന്റുകളിലൂടെയോ ഇതിന്റെ കുറവ് നികത്താവുന്നതുമാണ്.

### തൈറോയ്ഡ്

തൈറോയ്ഡ് ഗ്രന്ഥികളുടെ പ്രവർത്തനം കുറഞ്ഞാലും കൂടിയാലും ക്ഷീണം ഉണ്ടാക്കും. മെറ്റബോളിസത്തെ നിയന്ത്രിക്കാൻ സഹായിക്കുന്ന ഹോർമോണുകൾ ഉൽപാദിപ്പിക്കുക എന്നതാണ് തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രധാന ധർമ്മം. തൈറോയ്ഡ് സംബന്ധിയായ പ്രശ്നങ്ങൾ ഉള്ളവരിൽ ശരീരത്തിന്റെ മെറ്റബോളിസം മന്ദഗതിയിലാകുന്നു. ഇത് തുടർച്ചയായി ക്ഷീണം അനുഭവപ്പെടാൻ ഇടയാക്കും. ഓവർ ആക്ടീവ് തൈറോയ്ഡ് ഉള്ളവരിൽ ശരീരത്തിലെ മെറ്റബോളിസം വേഗത്തിലാകും. ഇതും അമിതമായ ക്ഷീണത്തിന് കാരണമാകും.

### പ്രമേഹം

രക്തത്തിലെ ഉയർന്ന പഞ്ചസാരയുടെ അളവ് ക്ഷീണത്തിന് കാരണമാകും. പ്രമേഹമുള്ളവരിൽ, പാൻക്രിയാസ് ഗ്രന്ഥികൾ ശരീരത്തിന് ആവശ്യമായ ഇൻസുലിൻ ഉൽപാദിപ്പിക്കില്ല, മാത്രമല്ല ശരീരത്തിന് ഇൻസുലിൻ ഫലപ്രദമായി ഉപയോഗിക്കാനും സാധിക്കാതെ വരും. ഇത് രക്തത്തിൽ അധിക ഗ്ലൂക്കോസ് ഉൽപാദിപ്പിക്കാൻ കാരണമാകുന്നു. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് വളരെ ഉയർന്നതാണെങ്കിൽ, ശരീരം ഗ്ലൂക്കോസിനെ ഊർജ്ജമായി പ്രോസസ്സ് ചെയ്യാതെ വരും, ഇത് ക്ഷീണത്തിന് കാരണമാകും.

### ജീവിതശൈലി

ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ, ഉറക്കക്കുറവ് എന്നിവയല്ലാതെ ക്ഷീണം വരുന്നതിന് മറ്റൊരു കാരണമാണ് നമ്മുടെ ജീവിതശൈലി. ആവശ്യത്തിന് വെള്ളം കുടിക്കാതെ ശരീരത്തിൽ ഡിഹൈഡ്രേഷൻ വരുന്നതും ക്ഷീണത്തിന് കാരണമാകുമെന്ന് പലരും ഓർക്കാറില്ല. അതിനാൽ ആവിശത്തിന് വെള്ളം കുടിക്കാൻ ശ്രദ്ധിക്കുക. മറ്റൊരു കാരണം തെറ്റായ ഭക്ഷണക്രമമാണ്. പഞ്ചസാര, പ്രോസസ്ഡ് ഭക്ഷണങ്ങൾ, അനാരോഗ്യകരമായ കൊഴുപ്പുകൾ എന്നിവ അടങ്ങിയ ഭക്ഷണം കഴിക്കുന്നത് നിങ്ങൾക്ക് ക്ഷീണം വരുത്തും. പകരം പഴങ്ങൾ, സീസണൽ പച്ചക്കറികൾ, ധാന്യങ്ങൾ എന്നിവയടങ്ങിയ സമീകൃത ഭക്ഷണം കഴിക്കുക.

### സ്ലീപ്പ് അപ്നിയ

ഉറക്കത്തിൽ ശ്വാസോച്ഛ്വാസം താൽക്കാലികമായി നിർത്തുന്നതിന് കാരണമാകുന്ന ഒരു മെഡിക്കൽ അവസ്ഥയാണ് സ്ലീപ്പ് അപ്നിയ. രാത്രിയിൽ നന്നായി ഉറങ്ങാത്തത് പകൽ സമയത്ത് ക്ഷീണത്തിനും ഉറക്കം തൂങ്ങുന്നതിനും ഇടയാക്കും. ഉറക്കത്തിലുണ്ടാകുന്ന ശ്വാസം മുട്ടൽ, ഉച്ചത്തിലുള്ള കൂർക്കം വലി, ഉറക്കത്തിൽ ശ്വാസം തടസ്സം വന്ന് ഞെട്ടിയുണരൽ എന്നിവയാണ് സ്ലീപ് അപ്നിയയുടെ സാധാരണ ലക്ഷണങ്ങൾ.

## 'ഏകരാഷ്ട്രം അനേക കഥകൾ' 26ന് പ്രകാശനം ചെയ്യും

കോഴിക്കോട്: 'ഏകരാഷ്ട്രം അനേക കഥകൾ' കഥാസമാഹാരം 26ന് പ്രകാശനം ചെയ്യും. ഇന്ത്യയിലെ ചെറുതും വലുതുമായ 17 ഭാഷകളിലെ കഥകളുടെ സമ്പുടമാണ് ഭാഷാസമന്വയ വേദി അംഗങ്ങളുടെ വിവർത്തനത്തിലൂടെ പുസ്തക രൂപത്തിൽ വെളിച്ചം കാണുന്നത്. ചെറിയ വ്യവഹാര മണ്ഡലമുള്ള മൈഥിലി, സിന്ധി, കൊങ്കണി, കശ്മീരി എന്നീ ഭാഷകളുടെ പ്രാതിനിധ്യം ലഭിക്കുന്നതാണ് ഈ കഥാസമാഹാരം.

വ്യത്യസ്ത പ്രദേശങ്ങളിലെ പ്രാദേശിക ഛവികൾ , മിത്തുകൾ, പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ അതത് ഭാഷകളിലെ കഥകളിൽ പ്രതിഫലിക്കുന്നത് മലയാളി വായനക്കാർക്ക് ഒറ്റ പുസ്തകത്തിൽ വായിച്ചെടുക്കാനാകും എന്നതാണ് ഈ സമാഹാരത്തിന്റെ സവിശേഷത. സാംസ്കാരിക സമന്വയം വിവർത്തനത്തിലൂടെയെന്ന പ്രോജക്ടിന്റെ ഭാഗമായാണ് ഈ പുസ്തകം പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് പുറത്തിറക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവ ഭാഗമായാണ് പ്രസാധകർ ഈ കൃതി പ്രസിദ്ധീകരിക്കുന്നതെന്ന് സ്ഥാപന മേധാവി പി.ടി.നിസാർ അറിയിച്ചു.

ആശാപൂർണ ദേവി (ബംഗാളി), രാവൂരി ഭരദ്വാജ് (തെലുങ്ക്), പന്നാലാൽ പട്ടേൽ (ഗുജറാത്തി) എന്നീ ജ്ഞാനപീഠ പുരസ്കൃതരുടെ കഥകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡോ. ആർസു എഡിറ്ററും വേലായുധൻ പള്ളിക്കൽ കോ-എഡിറ്ററുമായാണ് പുസ്തകം ചിട്ടപ്പെടുത്തിയത്. 26ന് അഞ്ച് മണിക്ക് അളകാപുരിയിൽ നടക്കുന്ന ചടങ്ങിൽ പുസ്തക പ്രകാശന കർമം നടക്കും.


ഇ.എസ്.ഐ കോർപറേഷൻനും ആയുഷ് വകുപ്പും ചേർന്ന് ലോക യോഗ ദിനത്തിന്റെ ഭാഗമായി ഇ.എസ്.ഐ. സബ് ഡിവിഷണൽ ഓഫീസിൽ നടത്തിയ യോഗ പരിശീലനത്തിൽ നിന്ന്

# 'തെരുവ് നായ്ക്കളുടെ ആക്രമണം പ്രതിരോധിക്കാൻ മുഖ്യമന്ത്രിയുടെ നിർദേശങ്ങൾ നടപ്പാക്കണം'



കോഴിക്കോട്: തെരുവ് നായ്ക്കളുടെ ആക്രമണം പ്രതിരോധിക്കാൻ മുഖ്യമന്ത്രി നിർദേശങ്ങൾ നടപ്പാക്കണമെന്ന് സി.എ.ആർ.യു.എ ആവശ്യപ്പെട്ടു. റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമുകളിലും പരിസരത്തും നായ ശല്യം രൂക്ഷമായ സാഹചര്യത്തിലാണ് സി.എ.ആർ.യു.എ മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഡി.ജി.പി, തിരുവനന്തപുരം-പാലക്കാട് ഡിവിഷൻ റെയിൽവേ മാനേജർമാർ എന്നിവർക്ക് പ്ലാറ്റ്ഫോമുകളിൽ നിന്ന് പകർത്തിയ ഫോട്ടോ സഹിതം 2022 സെപ്റ്റംബർ ആറിന് നിവേദനം സമർപ്പിച്ചത്. അന്നുതന്നെ മുഖ്യമന്ത്രി മൃഗസംരക്ഷണ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പ് മേധാവികൾക്കും എല്ലാ ജില്ലയിലേയും പോലിസ് അസിസ്റ്റന്റ് കമ്മീഷണർമാർക്കും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നിർദേശം നൽകിയിരുന്നു.

2022 നവംബർ 25ന് മൃഗസംരക്ഷണ വകുപ്പ് ഡയരക്ടർ തെരുവ് നായ്ക്കളുടെ അക്രമണം പ്രതിരോധിക്കുന്നതിനും വിഷബാധ നിർമാർജനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, മൃഗസംരക്ഷണ വകുപ്പും, എൻ.ജി.ഒയും മറ്റു ബന്ധപ്പെട്ടവരുമായി സംയുക്തമായി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് കത്തുമൂലം അറിയിച്ചിരുന്നു.

എന്നാൽ ഊർജിതമായ പ്രവർത്തനങ്ങൾ നടന്നില്ല. ദിവസങ്ങൾക്കു മുമ്പ് ഭിന്നശേഷിക്കാരനായ 11 വയസുകാരനെ തെരുവുനായ കടിച്ചു കൊന്ന മുഴുപ്പിലങ്ങാട് വീണ്ടും ഒമ്പതു വയസുകാരിയായ കുട്ടിക്ക് തെരുവ്നായയുടെ ആക്രമണം നേരിടേണ്ടിവന്നു. ഈ സാഹചര്യത്തിൽ വേണ്ട നടപടികളെടുക്കണമെന്ന് സി.എ.ആർ.യു.എ യോഗം ആവശ്യപ്പെട്ടു. എം.ഡി.സി ഓഫിസിൽ ചേർന്ന യോഗത്തിൽ കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ റെയിൽവേ അസോസിയേഷൻ വർക്കിംഗ് ചെയർമാനും മലബാർ ഡെവലപ്മെന്റ് കൗൺസിൽ പ്രസിഡന്റുമായ ഷെവ. സി.ഇ. ചാക്കുണ്ണി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ആർ.ജയന്തകുമാർ, സ്മോൾ സ്കെയിൽ ബിൽഡിംഗ് ഓണേഴ്സ് അസോസിയേഷൻ സെക്രട്ടറി പി. ഹമീദ്, കൺസ്യൂമർ ഗുഡ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സി.സി മനോജ്, ഡിസ്ട്രിക്ട് മർച്ചന്റ്സ് അസോസിയേഷൻ സെക്രട്ടറി സി.വി ജോസ്സി, സിറ്റി മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എം.ഐ അഷറഫ്, ജനറൽ സെക്രട്ടറി എം.എൻ ഉല്ലാസൻ, കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ റെയിൽ യൂസേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് എം.കെ അയ്യപ്പൻ, കൺവീനർ പി.ഐ അജയൻ എന്നിവർ പങ്കെടുത്തു. അഡ്വക്കേറ്റ് എം.കെ അയ്യപ്പൻ സ്വാഗതവും കൺവീനർ പി.ഐ അജയൻ നന്ദിയും പറഞ്ഞു.

# ഹർഷിനക്ക് ബലിപെരുന്നാൾ വീട്ടിൽ ആഘോഷിക്കാൻ മുഖ്യമന്ത്രി അവസരം ഒരുക്കണം: മുല്ലപ്പള്ളി രാമചന്ദ്രൻ


അഗ്നിജ്വാല പ്രതിഷേധം ഉദ്ഘാടനം ചെയ്തശേഷം മാധ്യമങ്ങളെ കാണുന്ന മുൻ കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ

കോഴിക്കോട്: മെഡിക്കൽ കോളേജ് ആശുപത്രിയിലെ പ്രസവ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ കത്രിക കുടുങ്ങി ദുരിതം അനുഭവിക്കേണ്ടി വന്ന ഹർഷിനക്ക് ഇത്തവണത്തെ ബലിപെരുന്നാൾ കുടുംബത്തിനും കുട്ടികൾക്കും ഒപ്പം വീട്ടിൽ ആഘോഷിക്കാൻ മുഖ്യമന്ത്രി അവസരം ഒരുക്കണമെന്ന് കെ.പി.സി.സി മുൻ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ ആവശ്യപ്പെട്ടു. ഹർഷിന നടത്തുന്ന സത്യഗ്രഹ സമരം 30 ദിവസം പിന്നിട്ടതിന്റെ ഭാഗമായി സമരസമിതി നടത്തിയ അഗ്നിജ്വാല പ്രതിഷേധം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹർഷിന കഴിഞ്ഞ അഞ്ച് വർഷമായി അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ കണ്ടില്ലെന്നു നടിക്കുന്ന സർക്കാർ നിലപാട് ജനാധിപത്യ വിരുദ്ധമാണ്. ഗാന്ധിയൻ സമരം ഒരിടത്തും ഇതുവരെ പരാജയപ്പെട്ടിട്ടില്ലെന്ന യാഥാർഥ്യം മുഖ്യമന്ത്രിയും ആരോഗ്യ മന്ത്രിയും മനസ്സിലാക്കണം. സമരം എത്ര ദിവസം നീണ്ടാലും പിന്തിരിയില്ല. കേരള സമൂഹത്തിന്റെ പിന്തുണയാണ് സമരത്തിന്റെ പിൻബലം. ചില ഡോക്ടർമാരുടെ ക്രൂരമായ അനാസ്ഥ കാരണമുള്ള ഇത്തരമൊരു ദുരവസ്ഥ ഒരു സ്ത്രീക്കും ഇനി ഉണ്ടാകരുത്. ആരോഗ്യ മന്ത്രി നൽകിയ ഉറപ്പുകൾ പാലിക്കണം. മുഖ്യമന്ത്രി മെഡിക്കൽ കോളേജിൽ ഉദ്ഘാടനത്തിനു വരുമ്പോൾ സമരം ഇല്ലാതിരിക്കുന്നതിനുള്ള നാടകമായിരുന്നോ മന്ത്രി വീണ ജോർജ് മുൻപ് നടത്തിയതെന്ന് അദ്ദേഹം ചോദിച്ചു. ചികിത്സ തേടിയെത്തുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ നിയമനിർമാണം നടത്തണം. ഒരു കോടി രൂപ ഹർഷിനക്ക് നഷ്ടപരിഹാരം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹത്തോടൊപ്പം ഡി.സി.സി പ്രസിഡന്റ് അഡ്വ. കെ. പ്രവീൺ കുമാർ, ഐ.എൻ.ടി.യു.സി ദേശീയ കമ്മിറ്റി അംഗം എം.കെ ബീരാൻ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു. സമരസമിതി ചെയർമാൻ ദിനേശ് പെരുമണ്ണ അധ്യക്ഷത വഹിച്ചു. കൺവീനർ മുസ്തഫ പാലാഴി സ്വാഗതം പറഞ്ഞു. സമരസമിതി നേതാക്കളായ എം.ടി സേതുമാധവൻ, എം.വി അബ്ദുല്ലത്തീഫ്, പി.എം ദിലീപ് കുമാർ, പി.കെ സുഭാഷ് ചന്ദ്രൻ , ബാബു കുനിയിൽ, പി.ടി സന്തോഷ് കുമാർ, സുബൈദ കക്കോടി, ഫൗസിയ അസീസ് തുടങ്ങിയവർ നേതൃത്വം നൽകി.

# സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനം ശക്തം: മന്ത്രി പി.എ മുഹമ്മദ് റിയാസ്

## കേരള മെർക്കന്റയിൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നവീകരിച്ച ഓഫിസ് പ്രവർത്തനം ആരംഭിച്ചു



കേരള മെർക്കന്റയിൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പുതിയ ഓഫിസ് കെട്ടിടം ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മന്ത്രി പി.എ മുഹമ്മദ് റിയാസ്

കോഴിക്കോട്: ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സഹകരണ പ്രസ്ഥാനം ശക്തമെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്. കേരള മെർക്കന്റയിൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പുതിയ ഓഫിസ് കെട്ടിടം ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയ്ക്ക് അടിത്തറ പാകിയത് സഹകരണ പ്രസ്ഥാനങ്ങളാണെന്നും മന്ത്രി പറഞ്ഞു. ജനങ്ങളുടെ കൂട്ടായ്മയുടെ ശക്തി എത്രത്തോളമുണ്ട് എന്നതിന് തെളിവാണ് സഹകരണ പ്രസ്ഥാനങ്ങളുടെ വളർച്ചയെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ലോഗോ പ്രകാശനം മേയർ ഡോ.ബീന ഫിലിപ്പ്, ലോക്കർ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി, സ്ഥാപക ചെയർമാൻ ടി. നസിറുദീന്റെ ഫോട്ടോ അനാച്ഛാദനം തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എയും ആദ്യ നിക്ഷേപം സ്വീകരിക്കൽ കേരള ബാങ്ക് ഡയരക്ടർ ഇ. രമേഷ് ബാബുവും വ്യാപാർ മിത്ര വായ്പ പദ്ധതിയും സി.ബി.എസ് സോഫ്റ്റ്‌വെയർ സ്വിച്ച് ഓണും മുൻ എം.എൽ.എ വി.കെ.സി മമ്മദ് കോയയും ഡ്രീം ഹോം ലോൺ സമർപ്പണം വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ സംസ്ഥാന സെക്രട്ടറി ബാപ്പു ഹാജിയും മഹിള ജ്യോതി ടൂവീലർ ആദ്യ വായ്പ നൽകൽ സഹകരണ സെപ്യൂട്ടി രജിസ്റ്റർ എൻ.എം ഷീജയും ഈസി ഡ്രൈവ് കാർ ലോൺ നൽകൽ കോഴിക്കോട് കാർഷിക വികസന ബാങ്ക് പ്രസിഡന്റ് ടി. വിശ്വനാഥനും നിർവഹിച്ചു.

സി.പി.എം ജില്ലാ സെക്രട്ടറിയേറ്റ് അംഗം എം. ഗിരീഷ്, സി.പി.ഐ ജില്ലാ സെക്രട്ടറി കെ.കെ ബാലൻ, എൻ.സി.പി ജില്ലാ പ്രസിഡന്റ് മുക്കം മുഹമ്മദ്, ജനതാദൾ ജില്ലാ പ്രസിഡന്റ് മനയത്ത് ചന്ദ്രൻ, ബി.ജെ.പി ജില്ലാ സെക്രട്ടറി പ്രശാന്ത് കുമാർ, ഐ.എൻ.എൽ ജില്ലാ പ്രസിഡന്റ് ഹമീദ് മാസ്റ്റർ, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് അഷറഫ് മൂത്തേടത്ത്, അസി. രജിസ്ട്രാർ കെ.ആർ വാസന്തി, സഹകരണ വകുപ്പ് യൂണിറ്റ് ഇൻസ്പക്ടർ പി.ടി സുധീർ കുമാർ, ബാങ്ക് സി.ഇ.ഒ എ.ബാബുരാജ്, കോർപറേഷൻ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാരായ ജാസ്മിൻ ജസി, അംബിക, ശ്രീജ എന്നിവർ സംസാരിച്ചു. കേരള മർക്കന്റയിൽ കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് വി.കെ വിനോദ് സ്വാഗതവും ഡയരക്ടർ എ.വി.എം കബീർ നന്ദിയും പറഞ്ഞു.



വെട്ടുപാറ വാർഡ് മുസ്ലിം ലീഗ് കമ്മിറ്റി സംഘടിപ്പിച്ച 'ഒപ്പരം' പരിപാടിയിൽനിന്ന്

# വെട്ടുപാറയിൽ 'ഒപ്പരം' നടത്തി മുസ്ലിം ലീഗ്

ചീക്കോട്: വെട്ടുപാറ വാർഡ് മുസ്ലിം ലീഗ് കമ്മിറ്റി ' ഒപ്പരം' പരിപാടി സംഘടിപ്പിച്ചു. ചീക്കോട് പഞ്ചായത്ത് മുസ്ലീം ലീഗ് രാഷ്ട്രീയ ശാക്തീകരമ പരിപാടിയായ പെപ് 2023ന്റെ ഭാഗമായി സംഘടിപ്പിച്ച ' ഒപ്പരം' ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. പി.വി മനാഫ് അരീക്കോട് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മുസ്ലിം ലീഗ് വൈസ് പ്രസിഡന്റ് കെ.വി.എം സലാം അധ്യക്ഷത വഹിച്ചു. വാർഡിലെ മുസ്ലിം ലീഗ്, പോഷക ഘടകം ഭാരവാഹികൾ, കമ്മിറ്റി അംഗങ്ങൾ, പ്രധാന പ്രവർത്തകർ, പഞ്ചായത്ത് കമ്മിറ്റി ഭാരവഹികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു. വാർഡിലെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർഥികളെ ആദരിച്ചു. അബ്ദുല്ല വാവൂർ, അഡ്വ.പി.കെ ശിഹാബ്, കെ.ബീരാൻ ഹാജി, കെ.പി സഊദ്, വി.അബ്ദുറഹ്മാൻ മാസ്റ്റർ, റഫീഖ് മധുരക്കുഴി, അബ്ദുറഹ്മാൻ മാസ്റ്റർ ഓമാനൂർ, കെ.കെ അഷ്റഫ് ഹാജി, സിദ്ദീഖ് പൊന്നാട്, ശിഹാബ് മുണ്ടക്കൽ, എം.മുഹമ്മദ് മാസ്റ്റർ, റഹ്മാൻ വെട്ടുപാറ, മാറാടി ബഷീർ, കെ.എം ജബ്ബാർ, എം.പി ഷംസു, കെ.ടി അസീസ് മാസ്റ്റർ, കെ.പി.സി ബുജൈർ എന്നിവർ സംസാരിച്ചു.


ബൂത്ത്തല ഗൃഹസമ്പർക്ക പരിപാടിയുടെ ഉദ്ഘാടനം കാട്ടുവയൽ കോളനിയിലെ 143-ാം ബൂത്തിൽ നടക്കാവ് മണ്ഡലം പ്രസിഡന്റ് കെ.ഷൈബു നിർവഹിച്ചപ്പോൾ

# ബി.ജെ.പി ബൂത്ത്തല ഗൃഹസമ്പർക്കത്തിന് നടക്കാവ് മണ്ഡലത്തിൽ തുടക്കമായി


കോഴിക്കോട്: നരേന്ദ്ര മോദി സർക്കാരിന്റെ ഒമ്പതാം വാർഷികത്തിന്റെ ഭാഗമായി ദേശീയ തലത്തിൽ ബി.ജെ.പി നടത്തുന്ന ബൂത്ത്തല ഗൃഹസമ്പർക്കം നടക്കാവ് മണ്ഡലത്തിലെ ആറ് ഏരിയകളിലെ ബൂത്തുകളിൽ ആരംഭിച്ചു. ബൂത്ത് തല ഉദ്ഘാടനം നടക്കാവ് കാട്ടുവയൽ കോളനിയിലെ 143-ാം ബൂത്തിൽ വിവിധ വീടുകൾ സന്ദർശിച്ച് ലഘുലേഖ നൽകി ബി.ജെ.പി നടക്കാവ് മണ്ഡലം പ്രസിഡന്റ് കെ.ഷൈബു നിർവഹിച്ചു. കേന്ദ്ര സർക്കാരിന്റെ വിവിധ ജനക്ഷേമ പദ്ധതികൾ വിശദീകരിച്ചു. ജൂൺ 30 വരെ എല്ലാ ബൂത്തുകളിലും ബൂത്ത് കമ്മിറ്റികളുടെ നേതൃത്വത്തിൽ വിപുലമായ ഗൃഹസമ്പർക്കം നടക്കും. നടക്കാവ് കാട്ടുവയൽ കോളനിയിൽ നടന്ന ഗൃഹ സമ്പർക്കത്തിന് മണ്ഡലം സെക്രട്ടറി മധു കാട്ടുവയൽ, ഏരിയ ജനറൽ സെക്രട്ടറി കെ.ബസന്ത് , ബുത്ത് പ്രസിഡന്റ് പി.ഉഷ, ജനറൽ സെക്രട്ടറി വി. ശരവണൻ , വി. സുരേഷ് , പി. സുബ്രമണ്യൻ, വി. അറുമുഖൻ , ബി.മുരുകൻ, തുടങ്ങിയവർനേതൃത്വം നൽകി.

## കഴുത്തിൽ 150 ഗ്രാം വലിപ്പമുള്ള മുഴ; ജനിച്ച് മൂന്ന് മിനിറ്റിനുള്ളിൽ മരിക്കുമെന്ന് ഡോക്ടർമാർ വിധിയെഴുതിയ കുഞ്ഞ് അത്ഭുതകരമായി രക്ഷപ്പെട്ടു

കോഴിക്കോട്: കഴുത്തിൽ 150 ഗ്രാം ഭാരമുള്ള മുഴയുമായി ജനിച്ച കുഞ്ഞ് അത്ഭുതകരമാം വിധം സാധാരണ ജീവിതത്തിലേക്ക്. ഗർഭപാത്രത്തിലിരിക്കെ തലച്ചോറിലേക്കുള്ള സുപ്രധാന രക്തക്കുഴലുകളെയും ശ്വാസനാളിയെയും അന്നനാളത്തേയും തടസ്സപ്പെടുത്തി വളർന്ന മുഴ, വിദഗ്ധ ഡോക്ടർമാരുടെ മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനും പ്രാർഥനകൾക്കുമൊടുവിൽ സുരക്ഷിതമായി നീക്കം ചെയ്തു. കോഴിക്കോട്ടെ ആസ്റ്റർ മിംസാണ് സംഘർഷഭരിതമായ നിമിഷങ്ങൾക്ക് സാക്ഷിയായത്.

ബംഗളുരുവിൽ താമസിക്കുന്ന യുവമലയാളി ദമ്പതികളുടെ നവജാത ശിശുവിന്റെ കഴുത്തിലാണ് അസാധാരണമായ വലിപ്പമുള്ള മുഴ കണ്ടെത്തിയത്. ഗർഭിണിയായ അമ്മയിൽ മുപ്പതാമത്തെ ആഴ്ചയിൽ നടത്തിയ അൾട്രാസൗണ്ട് സ്കാനിലാണ് സെർവിക്കൽ ടെറാടോമ എന്ന അത്യപൂർവ മുഴവളർച്ച കണ്ടെത്തിയത്. അപ്പോഴേക്കും ഏറെ വൈകിപ്പോയിരുന്നു. പ്രസവ ശേഷം കുഞ്ഞിന് ശ്വസിക്കാൻ കഴിയില്ലെന്ന് ഡോക്ടർമാർ വിധിയെഴുതി. ജനിച്ച് മൂന്ന് മിനിറ്റിനുള്ളിൽ ശ്വാസമെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ കുഞ്ഞിനെ നഷ്ടമാകുമെന്ന് മാതാപിതാക്കളെ അറിയിക്കുകയും ചെയ്തു. തുടർന്ന് പല ആശുപത്രികളെയും ബന്ധപ്പെട്ടെങ്കിലും കോഴിക്കോട്ടെ ആസ്റ്റർ മിംസിൽ നിന്നാണ് പ്രത്യാശ നൽകുന്ന മറുപടി കിട്ടിയത്. വ്യത്യസ്ത വകുപ്പുകളിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ ഒരു സമിതി തന്നെ രൂപീകരിച്ചുകൊണ്ടാണ് ആസ്റ്റർ മിംസ് ഈ ദൗത്യം ഏറ്റെടുത്തത്.

നിർണായകമായ പ്രസവശസ്ത്രക്രിയക്ക് മുന്നോടിയായി എല്ലാ സജ്ജീകരണങ്ങളും തയാറാണെന്ന് ഉറപ്പിക്കാൻ തലേദിവസം ഒരു ട്രയൽ റണ്ണും നടത്തി. ജനിച്ചയുടൻ കുഞ്ഞിന് ശ്വാസമെടുക്കാൻ പ്രത്യേക സംവിധാനം ഒരുക്കണം. എക്സ്ട്രാ യൂറ്ററീൻ ഇൻട്രാപാർട്ടം ട്രീറ്റ്മെന്റ് (EXIT) എന്ന അത്യാധുനിക ചികിത്സാരീതിയാണ് ഇതിനായി ഉപയോഗിച്ചത്. കുഞ്ഞിനെ അമ്മയുടെ ഗർഭപാത്രത്തിൽ നിന്നും പകുതിമാത്രം പുറത്തെടുത്ത് നടത്തുന്ന ചികിത്സയാണിത്. അമ്മയെ കുഞ്ഞുമായി ബന്ധിപ്പിക്കുന്ന



പൊക്കിൾകൊടി മുറിക്കാതെ തന്നെ ദ്രുതഗതിയിൽ കുഞ്ഞിന്റെ ശ്വാസനാളത്തിൽ ഒരു ട്യൂബിട്ട് കുഞ്ഞിന്റെ ജീവൻ പരിരക്ഷിക്കുക എന്നതായിരുന്നു ആദ്യത്തെ കടമ്പ. അങ്ങനെ അമ്മയിൽ നിന്ന് തന്നെ കുഞ്ഞിന് ഓക്സിജൻ കിട്ടിക്കൊണ്ടിരുന്നു. ഇതേ സമയം കുഞ്ഞിന് സ്വന്തമായി ശ്വാസമെടുക്കാനുള്ള ഒരു ട്യൂബ് ഡോക്ടർമാർ നൽകി. കഴുത്തിലെ ഈ മുഴ വളരെ വലുതായിരുന്നതിനാൽ ഈ പ്രക്രിയ വളരെ ശ്രമകരമായിരുന്നു. എങ്കിലും പിഴവുകളൊന്നും കൂടാതെ ഇത് ഡോക്ടർമാർ വിജയകരമായി പൂർത്തിയാക്കുകയും നിമിഷങ്ങൾക്കുള്ളിൽ കുഞ്ഞിനെ നവജാതശിശുക്കൾക്കുള്ള ഐ.സി.യുവിലേക്ക് മാറ്റുകയും ചെയ്തു.

ശ്വാസകോശം, അന്നനാളം, തലച്ചോറിലേക്കുള്ള ഞരമ്പുകൾ എന്നിവയെയെല്ലാം തടസപ്പെടുത്തി നിലനിന്നിരുന്ന മുഴ, അപകടമൊന്നും കൂടാതെ നീക്കം ചെയ്യുക എന്നതായിരുന്നു അടുത്ത വെല്ലുവിളി. ആ ഘട്ടവും വിജയകരമായി പൂർത്തിയാക്കാൻ ഡോക്ടർമാർക്ക് സാധിച്ചു. തങ്ങൾക്ക് അതുവരെയുണ്ടായിരുന്ന പരിചയസമ്പത്തിനെയും അറിവിനേയും പരീക്ഷിച്ച സംഭവമായിരുന്നു ഈ സർജറിയെന്ന് പീഡിയാട്രിക് സർജറി വിഭാഗം തലവനും സീനിയർ കൺസൾട്ടന്റുമായ ഡോ. എബ്രഹാം മാമ്മൻ പറഞ്ഞു. എത്ര സങ്കീർണമായ സ്ഥിതിവിശേഷമാണെങ്കിലും അമൂല്യമായ ആ കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ ഏതറ്റം വരെയും പോവുക എന്നതായിരുന്നു ഉദ്ദേശമെന്ന് അദ്ദേഹം പറഞ്ഞു.

20 ഡോക്ടർമാർ അടങ്ങുന്ന സംഘത്തിൽ നവജാതശിശുക്കളുടെയും കുട്ടികളുടെയും ചികിത്സാവിഭാഗങ്ങളും ഒപ്പം അനസ്തേഷ്യ വിദഗ്ധരും പ്രത്യേക പരിശീലനം നേടിയ നഴ്സുമാരും ദൗത്യത്തിൽ പങ്കാളികളായി. ഡോ. എബ്രഹാം മാമ്മനോടൊപ്പം പീഡിയാട്രിക് സർജറി വിഭാഗത്തിലെ ഡോ. റോഷൻ സ്നേഹിത്, ഡോ ബിനീഷ് എ എന്നിവരും നവജാതശിശുരോഗ വിഭാഗത്തിൽ നിന്നും ഡോ. പ്രീത രമേശ്, ഡോ. വിഷ്ണുമോഹൻ, ഡോ. ആനന്ദ് എന്നിവരും, അനസ്തേഷ്യ വിഭാഗം മേധാവി ഡോ. കിഷോർ.കെ, ഗൈനക്കോളജി വിഭാഗം മേധാവി ഡോ. നാസർ ടി. കൺസൽട്ടന്റ് ഡോ. സിന്ധു പി.സി എന്നിവരും ഹെഡ് ആന്റ് നെക്ക് ശസ്ത്രക്രിയ വിദഗ്ധൻ ഡോ. സജിത്ത് ബാബു, ശ്വാസകോശ രോഗ ചികിത്സാവിഭാഗത്തിൽ നിന്നുള്ള ഡോ. അനൂപ എം.പി എന്നിവരും യജ്ഞത്തിൽ പങ്കെടുത്തു.

പ്രസവശേഷം രണ്ടുമാസം പിന്നിട്ട കുഞ്ഞ് ഇപ്പോൾ പൂർണആരോഗ്യത്തോടെ ഇരിക്കുന്നു. കൃത്യമായ ഇടവേളകളിൽ അമ്മയോടൊപ്പം കോഴിക്കോട് ആസ്റ്റർ മിംസിൽ പരിശോധനകൾക്കായി എത്താറുണ്ട്. ബേബി ഡി എന്ന പേരിട്ടാണ് ഈ ദൗത്യം ഡോക്ടർമാർ ഏറ്റെടുത്തത്.



ആഷസ് ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയതിന് പിന്നാലെ സഹതാരം നഥാൻ ലിയോണിനെ എടുത്തുയർത്തുന്ന ഓസീസ് ക്യാപ്റ്റൻ പാറ്റ് കമ്മിൻസ്


# ആഹാ...!

## ■ ആഷസ് ആദ്യ ടെസ്റ്റിൽ ആസ്ട്രേലിയക്ക് ത്രസിപ്പിക്കുന്ന ജയം

## ■ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയത് രണ്ട് വിക്കറ്റുകൾ ശേഷിക്കേ

എഡ്ജ്ബാസ്റ്റൺ: ആവേശം വാനോളമുയർത്തിയ ആഷസ് പരമ്പരയിലെ ആദ്യ ടെസ്റ്റ് മത്സരത്തിൽ ആസ്ട്രേലിയക്ക് ത്രസിപ്പിക്കുന്ന വിജയം. ക്യാപ്റ്റൻ പാറ്റ് കമ്മിൻസ് നെഞ്ചുവിരിച്ച് നിന്നപ്പോൾ ആതിഥേയരായ ഇംഗ്ലണ്ടിന്റെ ബാസ്ബോൾ ഗെയിം നിഷ്പ്രഭമായി. ജയ-പരാജയങ്ങൾ മാറിമറിഞ്ഞ മത്സരത്തിന്റെ അവസാന ദിനത്തിലെ ത്രില്ലർ പോരാട്ടത്തിനൊടുവിലാണ് ആസ്ട്രേലിയ ജയിച്ചു കയറിയത്. രണ്ടാം ഇന്നിങ്സിൽ 282 റൺസ് വിജയ ലക്ഷ്യം തേടിയിറങ്ങിയ ഓസീസിന് കഴിഞ്ഞ ദിവസം മൂന്ന് വിക്കറ്റുകൾ നഷ്ടമായിരുന്നു. ഉസ്മാൻ ഖവാജയിലായിരുന്നു ഓസീസിന്റെ മുഴുവൻ പ്രതീക്ഷ. അഞ്ചാം ദിനം തുടങ്ങിയപ്പോൾ തന്നെ 20 റൺസെടുത്ത ബോളാണ്ട് പുറത്തായി. തുടർന്നു വന്ന ട്രാവിസിനും കാര്യമായി ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. 16 റൺസെടുത്ത ഹെഡിനെ മൊയീൻ അലി മടക്കി. തുടർന്ന് ക്രീസിലൊന്നിച്ച കാമറൂൺ ഗ്രീൻ-ഖവാജ സഖ്യം ഓസീസിനെ വിജയ പ്രതീക്ഷ നൽകിയെങ്കിലും ഒലി റോബിൻസൺ ആ കൂട്ടുക്കെട്ട് പൊളിച്ചു. സ്കോർബോർഡ് 195ൽ നിൽക്കെ 28 റൺസെടുത്ത കാമറൂൺ ഗ്രീൻ പുറത്തായി. സ്കോർബോർഡ് 209ൽ നിൽക്കെ 65 റൺസെടുത്ത ഖവാജയെ ക്യാപ്റ്റൻ ബെൻസ്റ്റോക് ക്ലീന് ബൗൾഡാക്കി ഇംഗ്ലണ്ടിന് വിജയ പ്രതീക്ഷ നൽകി. സ്കോർ 227ൽ നിൽക്കെ 20 റൺസെടുത്ത അലക്സ് ക്യാരിയും മടങ്ങിയതോടു കൂടി ഓസീസ് തോറ്റെന്ന് എല്ലാവരും ഉറപ്പിച്ചെങ്കിലും വിട്ടുകൊടുക്കാൻ ക്യാപ്റ്റൻ പാറ്റ് കമ്മിൻസ് തയ്യാറായിരുന്നില്ല.പിന്നീട് എഡ്ജ്ബാസ്റ്റൺ സാക്ഷ്യം വഹിച്ചത് വാലറ്റത്തിന്റെ പോരാട്ടത്തിനായിരുന്നു. നഥാൻ ലിയോണിനെ കൂട്ടുപ്പിടിച്ച് ഒരു കപ്പിത്താന്റെ ഉശിരോടെ പാറ്റ് കമ്മിൻസ് ആസ്ട്രേലിയയെ വിജയത്തീരത്തെത്തിച്ചു. ഒമ്പതാം വിക്കറ്റിൽ ഇരുവരും ചേർന്ന് നേടിയത് 55 റൺസാണ്. കമ്മിൻസ് 44ഉം ലിയോൺ 16 റൺസും നേടി പുറത്താകാതെ നിന്നു. ടെസ്റ്റ് ക്രിക്കറ്റിലെ വിജയകരമായ റൺചേസുകളിൽ 9,10,11 പൊസിഷനുകളിൽ ഒരു ബാറ്റ്സ്മാന്റെ ഏറ്റവും ഉയർന്ന സ്കോറാണ് കമ്മിൻസ് നേടിയ 44 റൺസ്. വിജയകരമായ റൺചേസുകളിൽ ഏറ്റവും ഉയർന്ന നാലാമത്തെ ഒമ്പതാം വിക്കറ്റ് കൂട്ടുകെട്ടാണ് കമ്മിൻസും ലിയോണും ചേർന്നു നേടിയ 55 റൺസ്. 2010ൽ മൊഹാലിയിൽ ആസ്ട്രേലിയക്കെതിരേ ഇന്ത്യയുടെ വി.വി.എസ് ലക്ഷ്മണനും ഇഷാന്ത് ശർമയും ചേർന്നു നേടിയ 81 റൺസാണ് ഒന്നാമത്.

## 30 മിനിട്ട് പകൽ ഉറക്കം തലച്ചോറിന്റെ ആരോഗ്യം വർധിപ്പിക്കും, വാർദ്ധക്യം ഏഴ് വർഷം വൈകിപ്പിക്കും




പകൽസമയത്ത് ഏകദേശം 30 മിനിറ്റോളം ഉറങ്ങുന്ന ആളുകൾക്ക് തലച്ചോറിന്റെ ആരോഗ്യം മെച്ചപ്പെട്ടേക്കാം. ഇതുവഴി ഡിമെൻഷ്യയുടെ അപകടസാധ്യത ഗണ്യമായി കുറയ്ക്കാനാകുമെന്ന് ഒരു പഠനം പറയുന്നു. യു.കെയിലെ യൂണിവേഴ്സിറ്റി കോളേജ് ലണ്ടൻ, ഉറുഗ്വേയിലെ യൂണിവേഴ്സിറ്റി ഓഫ് റിപ്പബ്ലിക് എന്നിവിടങ്ങളിലെ ഗവേഷകർ നടത്തിയ പഠനത്തിൽ പകൽ ഉറക്കം പ്രായമാകുമ്പോഴുള്ള തലച്ചോറിന്റെ ചുരുങ്ങലിന്റെ തോത് ഏഴ് വർഷം കൊണ്ട് കുറയ്ക്കുന്നതായി കണ്ടെത്തി. സ്ലീപ്പ് ഹെൽത്ത് ജേണലിൽ പ്രസിദ്ധീകരിച്ച പഠനത്തിൽ ബ്രിട്ടനിലെ 40നും 69 നും ഇടയിൽ പ്രായമുള്ള ഏകദേശം 400,000 ആളുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു. സ്ഥിരമായി ഉറങ്ങുന്നവരായി പ്രോഗ്രാം ചെയ്തിരിക്കുന്നവരും അല്ലാത്തവരും തമ്മിലുള്ള തലച്ചോറിന്റെ അളവിലോ അവയവത്തിന്റെ വലുപ്പത്തിലോ ഉള്ള ശരാശരി വ്യത്യാസം 2.6 മുതൽ 6.5 വയസ്സ് വരെ പ്രായമാകുന്നതിന് തുല്യമാണെന്ന് കണ്ടെത്തലുകൾ കാണിക്കുന്നു. ആളുകൾ പതിവായി ഉറങ്ങാനുള്ള സാധ്യത നിർണയിക്കുന്നിക്കുന്നതിനായി ഡി.എൻ.എയുടെ 97 സ്നിപ്പെറ്റുകൾ ഗവേഷകർ പരിശോധിച്ചു. എംആർഐ സ്കാനിൽ അവരുടെ തലച്ചോറിന്റെ അളവ് ഉറങ്ങാത്തവരേക്കാൾ 15.8 ക്യുബിക് സെന്റീമീറ്റർ കൂടുതലാണെന്ന് കണ്ടെത്തി. എന്നിരുന്നാലും, തലച്ചോറിന്റെ മെമ്മറിയും പഠനവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഹിപ്പോ കാമ്പസിന്റെ വലിപ്പവും ഉറക്കവും തമ്മിൽ യാതൊരു ബന്ധവും കണ്ടെത്താനായില്ല. ചില ആളുകൾക്ക്, പ്രായമാകുമ്പോൾ തലച്ചോറിന്റെ ആരോഗ്യം സംരക്ഷിക്കാൻ സഹായിക്കുന്ന ഒന്നാണ് ചെറിയ പകൽ ഉറക്കമെന്ന് യു.സി.എല്ലിലെ എം.ആർ.സി യൂണിറ്റ് ഫോർ ലൈഫ് ലോംഗ് ഹെൽത്ത് ആന്റ് ഏജിംഗ് ഡോ. വിക്ടോറിയ ഗാർഫീൽഡ് പറഞ്ഞു. പകൽ ഉറക്കവുമായി ബന്ധപ്പെട്ട് ഇപ്പോഴും നിലനിൽക്കുന്ന ആശങ്കകൾ കുറയ്ക്കാൻ ചെറിയ ഉറക്കത്തിന്റെ ആരോഗ്യ ഗുണങ്ങൾ കാണിക്കുന്ന ഇത്തരം പഠനങ്ങൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഡോ. ഗാർഫീൽഡ് കൂട്ടിച്ചേർത്തു.

## പ്രതിമാസം 10.4 ലക്ഷം രൂപയിലേറെ; യു.കെയിൽ ലോട്ടറിയടിച്ച ഭാഗ്യശാലിയെ തേടി അധികൃതർ



ലണ്ടൻ: യു.കെ സർക്കാർ നടത്തുന്ന നാഷണൽ ലോട്ടറി ഒരു വിജയിയെ തേടുകയാണ്. 30 വർഷത്തേക്ക് ഓരോ മാസവും 10000 പൗണ്ട് മൂല്യമുള്ള സെറ്റ് ഫോർ ലൈഫ് ലോട്ടറി സ്വന്തമാക്കിയ ഭാഗ്യവാനെയാണ് തേടുന്നത്. ആകെ 36 ലക്ഷം പൗണ്ട് ആണ് ഈ വിജയിക്ക് 30 വർഷക്കാലം കൊണ്ട് കിട്ടുക. ലോട്ടറിയുടെ ഭാഗമായ എല്ലാവരോടും തങ്ങളുടെ ടിക്കറ്റുകൾ പരിശോധിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ് അധികൃതർ എന്ന് ദി മെട്രോ ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു. ലിങ്കൺഷെയറിലെ സൗത്ത് ഹോളണ്ട് ജില്ലയിൽ നിന്നാണ് ടിക്കറ്റ് വാങ്ങിയത്. വിജയിക്ക് ഡിസംബർ 2 വരെ അവരുടെ സമ്മാനം ക്ലെയിം ചെയ്യാം.

ടിക്കറ്റ് കൈവശം ഇല്ലെങ്കിലും, തങ്ങൾ വാങ്ങിയ ടിക്കറ്റാണ് സമ്മാനാർഹമായത് എന്നുറപ്പുണ്ടെങ്കിൽ അക്കാര്യം രേഖാമൂലം കാം ലോട്ടിന് നൽകാം. പക്ഷേ അത് നറുക്കെടുപ്പ് കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ ആയിരിക്കണം. "ഈ അജ്ഞാതനായ ടിക്കറ്റ് ഉടമയെ കണ്ടെത്താനും അവരെ ഈ നേട്ടം അറിയിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ആരുടേയെങ്കിലും ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ ഈ നേട്ടത്തിലൂടെ സാധിക്കും'. ദി നാഷണൽ ലോട്ടറിയിലെ സീനിയർ വിന്നേഴ്സ് അഡ്വൈസർ ആൻഡി കാർട്ടർ ദി മെട്രോയോട് പറഞ്ഞു. 30 വർഷക്കാലം ഓരോ മാസവും അതായത് 360 മാസക്കാലം 10000 പൗണ്ട് (10.4 ലക്ഷത്തിലേറെ രൂപയോളം) വീതം വിജയിക്ക് ലഭിക്കും. ഭാഗ്യശാലിയാണോ എന്നറിയാൻ കൈയ്യിലുള്ള ടിക്കറ്റുകൾ പരിശോധിക്കാനും കാണാത്തവയ്ക്കായി വസ്ത്രങ്ങളുടെ പോക്കറ്റുകളിലും, വാലറ്റുകളിലും, ബാഗുകളിലും, സോഫയുടെ പിൻഭാഗത്തും പരിശോധിക്കണമെന്നും അധികൃതർ ആവശ്യപ്പെടുന്നു.




## സ്പാം അക്കൗണ്ടുകൾക്കെതിരേ മെഷീൻ ലേണിങ് ഉപയോഗിക്കാൻ ടിൻഡർ

ഓൺലൈൻ പ്ലാറ്റ്ഫോമുകളിലുടനീളം ഉപയോക്താക്കളെ കബളിപ്പിക്കാൻ വിവിധ തന്ത്രങ്ങൾ ഉപയോഗിക്കുന്ന ഓൺലൈൻ തട്ടിപ്പുകാരെ നേരിടാൻ ടിൻഡർ ഒരുങ്ങുന്നു. പ്ലാറ്റ്ഫോമിലെ സ്പാം മുൻകൂട്ടി കണ്ടെത്തുകയും തടയുകയും നീക്കം ചെയ്യുകയും ചെയ്യുന്നതിന് മെഷീൻ ലേണിംഗ് ടൂളുകളിൽ നിക്ഷേപം നടത്തുകയാണെന്ന് കമ്പനി അറിയിച്ചു. ഇരകളെ ഫിഷിംഗ് തട്ടിപ്പുകളിലേക്കും വ്യാജ പ്രൊഫൈലുകളിലേക്കും ആകർഷിക്കാൻ സൈബർ കുറ്റവാളികൾ പലപ്പോഴും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും ഓൺലൈൻ ഡേറ്റിംഗ് സേവനങ്ങളും ഉപയോഗിക്കുന്നുണ്ടെന്ന് ടിൻഡറിന്റെ ഉടമസ്ഥരായ മാച്ച് ഗ്രൂപ്പ് പറയുന്നു. തങ്ങളുടെ സേവനങ്ങളുടെ സമഗ്രത നിലനിർത്താൻ സഹായിക്കുന്നതിന് ഡിറ്റക്ഷൻ, റിമൂവൽ ടൂളുകളിൽ നിരന്തരം നിക്ഷേപം നടത്തുന്നുണ്ടെന്ന് കമ്പനി പറയുന്നു.

ഇതുവഴി ഓരോ മിനിട്ടിലും ശരാശരി 44 സ്പാം അക്കൗണ്ടുകൾ നീക്കം ചെയ്യപ്പെടുന്നുണ്ട്. കൂടാതെ, ഈ വർഷം ജനുവരിക്കും മാർച്ചിനുമിടയിൽ ഏകദേശം 5 ദശലക്ഷം ബോട്ടുകളും സ്പാം അക്കൗണ്ടുകളും നീക്കം ചെയ്തിട്ടുണ്ട്. കഴിഞ്ഞമാസം ടിൻഡർ അതിന്റെ കമ്മ്യൂണിറ്റി മാർഗനിർദേശങ്ങൾ പരിഷ്കരിച്ചിരുന്നു.

ഇതനുസരിച്ച് ഉപയോക്താക്കളുടെ പബ്ലിക്ക് ബയോയിൽ നിന്ന് ഫോളോവർമാരെ കിട്ടാനും, സാധനങ്ങൾ വിൽക്കാനും പ്രചാരണങ്ങൾ നടത്താനുമെല്ലാം ഉപയോഗിക്കുന്ന സോഷ്യൽ മീഡിയാ ഹാന്റിലുകൾ നീക്കം ചെയ്യും. ടിൻഡർ നടപ്പിലാക്കിയ ടൂളുകളും സവിശേഷതകളും മറ്റ് മാച്ച് ഗ്രൂപ്പ് ബ്രാൻഡുകളായ ഹിഞ്ച്, ആർച്ചർ, പ്ലെന്റി ഓഫ് ഫിഷ് എന്നിവയും സ്വീകരിച്ചിട്ടുണ്ട്. മറ്റ് ബ്രാൻഡുകളും ഇത് അനുകരിക്കും.

## 'ഞാൻ മോദിയുടെ ആരാധകൻ, അടുത്ത വർഷം ഇന്ത്യയിലെത്തും; ഇലോൺ മസ്ക്

ന്യൂയോർക്ക്: അമേരിക്കയിൽ ത്രിദിന സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ട്വിറ്റർ സി.ഇ.ഒ ഇലോൺ മസ്കുമായി കൂടിക്കാഴ്ച നടത്തി. താൻ മോദിയുടെ വലിയ ആരാധകനാണെന്ന് പറഞ്ഞ മസ്ക്, അടുത്ത വർഷം രാജ്യം സന്ദർശിക്കുമെന്നും അറിയിച്ചു. ഇന്ത്യയുടെ ഭാവിയെ ആവേശഭരിതനായാണ് താൻ നോക്കിക്കാണുന്നതെന്നും സ്പേസ് എക്സ് മേധാവി ന്യൂയോർക്കിൽ കൂടിക്കാഴ്ചയ്ക്ക് ശേഷം പറഞ്ഞു. ടെസ്ല ഇന്ത്യയിൽ എത്തും, ഈ കാര്യത്തിൽ തനിക്ക് ആത്മവിശ്വാസമുണ്ടെന്നും മസ്ക് പറയുന്നു. വേറെ ഏത് വലിയ രാജ്യങ്ങളെക്കാളും സാധ്യതകൾ മുന്നിലുള്ള രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ ഭാവിയക്കുറിച്ച് ആലോചിക്കുമ്പോൾ താൻ ആവേശഭരിതനാകുകയാണ്. ഇന്ത്യയിലേക്ക് നിക്ഷേപങ്ങളെത്തിക്കാൻ പ്രധാനമന്ത്രി മോദി വലിയ പരിശ്രമമാണ് നടത്തുന്നത്. കമ്പനികളെ പിന്തുണയ്ക്കണം എന്ന മനോഭാവമാണ് അദ്ദേഹത്തിനുള്ളത്. ഇന്ത്യയ്ക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഇന്ത്യയിൽ കാര്യമായ നിക്ഷേപം ഉണ്ടാകാൻ സാധ്യതയുണ്ട്. ഭാവിയിൽ വലിയ പ്രഖ്യാപനങ്ങളുണ്ടാകുമെന്നും മസ്ക് മോദിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം പറഞ്ഞു.



അമേരിക്കയിൽ ത്രിദിന സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ട്വിറ്റർ സി.ഇ.ഒ ഇലോൺ മസ്കുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ

സ്പേസ് എക്സിന്റെ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സേവനമായ സ്റ്റാർലിങ്ക് ഇന്ത്യയിലേക്ക് കൊണ്ടുവരാൻ പദ്ധതിയിടുന്നുണ്ട്. ഇന്റർനെറ്റ് ലഭ്യതയില്ലാത്ത ഇന്ത്യയിലെ ഗ്രാമീണ ജനതയ്ക്ക് ഇത് സഹായകമാകുമെന്നും മസ്ക് വ്യക്തമാക്കി. 2015ൽ യു.എസ് സന്ദർശനത്തിനിടെ മോദി ടെസ്ലയുടെ കാലിഫോർണിയയിലെ ഫാക്ടറി സന്ദർശിച്ചിരുന്നു. ഇന്ത്യയിൽ ടെസ്ല ഫാക്ടറി തുറക്കാൻ ശ്രമങ്ങൾ നടത്തുന്നുവെന്ന റിപ്പോർട്ടുകൾക്കിടെയാണ് മോദി -മസ്ക് കൂടിക്കാഴ്ച. ഇന്ത്യൻ വിപണിയിൽ താൽപ്പര്യമുണ്ടെന്നും ഈ വർഷം അവസാനത്തോടെ ഇന്ത്യയിൽ ഫാക്ടറി സ്ഥാപിക്കുന്ന സ്ഥലത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കുമെന്നും നേരത്തെ വാൾസ്ട്രീറ്റ് ജേർണലിന് നൽകിയ അഭിമുഖത്തിൽ മസ്ക് വ്യക്തമാക്കിയിരുന്നു. മോദി മസ്ക് കൂടിക്കാഴ്ച ഇത് വേഗത്തിലാക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

അമേരിക്കൻ ജ്യോതിശാസ്ത്രജ്ഞൻ നീൽ ഡി ഗ്രാസ് ടൈസൺ, പ്രൊഫസർ നാസിം നിക്കോളാസ് തലേബ്, എഴുത്തുകാരൻ റോബർട്ട് തുർമാൻ, നിക്ഷേപകനായ റേ ഡാലിയോ എന്നിവരുമായും പ്രധാനമന്ത്രി മോദി ന്യൂയോർക്കിൽ കൂടിക്കാഴ്ച നടത്തി. യു.എസ് പ്രസിഡന്റ് ജോ ബൈഡന്റെ ക്ഷണപ്രകാരം ജൂൺ 21 മുതൽ 24 വരെയാണ് പ്രധാനമന്ത്രി മോദി യു.എസ് സന്ദർശിക്കുന്നത്. നൊബേൽ സമ്മാന ജേതാക്കൾ, സാമ്പത്തിക വിദഗ്ധർ, കലാകാരന്മാർ, ശാസ്ത്രജ്ഞർ, സംരംഭകർ, അക്കാദമിക് വിദഗ്ധർ, ആരോഗ്യ വിദഗ്ധർ തുടങ്ങി വിവിധ മേഖലകളിലുള്ളവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

ടെസ്ല മേധാവി ഇലോൺ മസ്കുമായി ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ കൂടിക്കാഴ്ച ഇന്ത്യൻ വ്യവസായ രംഗം ഏറെ ആകാംക്ഷയോടെയാണ് നോക്കിക്കാണുന്നത്. അമേരിക്കക്ക് പുറത്തുള്ള ഇലക്ട്രിക് കാർ നിർമാണ കേന്ദ്രമായി ടെസ്ല ഇന്ത്യയെ തെരഞ്ഞെടുക്കുമോ എന്നതാണ് ആകാംക്ഷക്ക് കാരണം. എട്ട് വർഷം മുമ്പ് കാലിഫോർണിയയിൽ പ്രധാനമന്ത്രി ടെസ്ല ഫാക്ടറി സന്ദർശിക്കുകയും മസ്കിനെ നേരിട്ട് കാണുകയും ചെയ്തിരുന്നു. ട്വിറ്റർ ഏറ്റെടുത്ത ശേഷം ആദ്യമായാണ് നരേന്ദ്ര മോദി മസ്കിനെ കാണുന്നത്. ഇന്ത്യയിൽ ടെസ്ല പ്രാദേശികമായി ഇലക്ട്രിക് വാഹനങ്ങൾ നിർമിക്കണമെന്നാണ് ഇന്ത്യൻ സർക്കാരിന്റെ ആവശ്യം.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.